# കേരളസർവകലാശാല

നം.പി.ആർ.67/2023

## പത്രക്കുറിപ്പ്

### പിഎച്.ഡി കോഴ്സ് വർക്ക്

കേരളസർവ്വകലാശാല പിഎച്.ഡി കോഴ്സ് വർക്ക് ഡിസംബർ 2022 (ന്യൂ സ്കീം) പുതുക്കിയ പരീക്ഷ തീയതികൾ ഏപ്രിൽ 12, 13, 18, 19 എന്നിവയാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷ ഫലം

കേരളസർവകലാശാല 2022 സെപ്റ്റംബർ മാസം നടത്തിയ നാലാം സെമസ്റ്റർ എം. ബി. എ റെഗുലർ (2020 സ്കീം), സപ്ലിമെൻററി (2018 സ്കീം), മേഴ്സി ചാൻസ് (2009 സ്കീം - 2010 അഡ്മിഷൻ മുതൽ 2013 അഡ്മിഷൻ, 2014 സ്കീം - 2014 മുതൽ 2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാണ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2023 ഏപ്രിൽ 13.

കേരളസർവകലാശാല ന്യൂജനറേഷൻ ഡബിൾ മെയിൽ മൂന്നാം സെമസ്റ്റർ ബി.എ എക്കണോമിക്സ് ആൻഡ് മാത്തമാറ്റിക്സ് ബി.എസ്സി മാത്തമാറ്റിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ആഗസ്റ്റ് 2022 (2020 അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം കേരളസർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷ്മപരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനും 2023 ഏപ്രിൽ 10 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

### മസ്റ്ററിംഗ്

കേരളസർവ്വകലാശാലയിൽ നിന്നും പെൻഷൻ/ഫാമിലി പെൻഷൻ കൈപറ്റുന്നവർക്കായുള്ള 2023 2024 വർഷത്തെ മസ്റ്ററിംഗ് ഏപ്രിൽ 1 മുതൽ മെയ് 15 വരെയാണ് ഇതിനായി പെൻഷൻകാർക്ക് ജീവൻപ്രമാൺ പോർട്ടൽ വഴി ഓൺലൈനായോ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് (അസ്സൽ മേൽവിലാസവും ഫോൺ നമ്പരും സഹിതം) ഫിനാൻസ് ഓഫീസർ. കേരള സർവകലാശാല, പാളയം, തിരുവനന്തപുരം 34 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗം അയച്ചോ, നേരിട്ട് ഹാജരായോ മസ്റ്റർ ചെയ്യാവുന്നതാണ് ഇതിനൊപ്പം 2023–2024 സാമ്പത്തിക വർഷത്തെ **Anticipatory Income Tax Statement** കൂടി നൽകേണ്ടതാണ്

ജീവൻപ്രമാൺ പോർട്ടൽ വഴി പെൻഷൻകാർക്ക് (**PPO NO,** ആധാർ നമ്പർ, മൊബൈൽഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നീ രേഖകളോടെ പോസ്റ്റ് ഓഫീസ്, അക്ഷയ ജനസേവന കേന്ദ്രങ്ങളിൽ നിന്നും ഓൺലൈനായി മസ്റ്റർ ചെയ്യാം

തിരുവനന്തപുരം,
29.03.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**